ഉത്തരം

(എ) നിവേദനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കേസ് ക്രൈംബ്രാഞ്ചിന്റെ അന്വേഷണത്തിനായി വിടുകയും ആയത് ക്രൈംബ്രാഞ്ചിൽ 86/സി. ആർ./91-ാം നമ്പരായി രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയുമാണ്.

(ബി) കേസന്വേഷണം ക്രൈംബ്രാഞ്ചിനെ ഏൽപ്പിച്ച് ഊർജ്ജിത മായി അന്വേഷണം നടത്താനുള്ള നിർദ്ദേശമാണ് നൽകിയത്.

(സി) പ്രസ്തുത കേസ് ക്രൈംബ്രാഞ്ച് ഏറെടുത്തിട്ടുണ്ട്.

നാരായണൻ സ്മാരക ലൈബ്രറി ആക്രമിച്ച സംഭവം

17 [2028] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ല വാറക്കോൻ കെ. നാരായണൻ സ്മാരക ലൈബ്രറിയിൽ 24-2-1991-ന് ഒരു കൂട്ടം റൗഡികൾ അതിക്രമിച്ചു കടന്ന് പുസ്തകങ്ങൾ നശിപ്പിച്ച നടപടിയെപ്പറ്റി നീലേശ്വരം പോലീസിന് സമർപ്പിച്ച പരാതിയിൻമേൽ അന്വേഷണം നടത്തുകയുണ്ടായോ;

(ബി) ഇത് സംബന്ധിച്ച് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്?

ഉത്തരം

(എ) അന്വേഷണം നടത്തുകയുണ്ടായി.

(ബി) ഇത് സംബന്ധിച്ച് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. അന്വേഷണത്തിൽ, പരാതിയിൽ പറയുന്ന ആരോപണം അടിസ്ഥാന രഹിതമാണെന്നു തെളിഞ്ഞിട്ടുണ്ട്.

സെക്രട്ടറിയേറ്റിലെ പ്രസ് റൂമിൽ വച്ച് പത്ര ലേഖകർ തമ്മിൽ ഉണ്ടായ കയ്യേറ്റം

18 [2029] ശ്രീ. കെ. കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1991 ഫെബ്രുവരി മാസത്തിൽ സെക്രട്ടറിയേറ്റിലെ പ്രസ് റൂമിൽ വച്ച് രണ്ടു പത്രലേഖകർ തമ്മിൽ കയ്യേറ്റം നടന്നതായി ഗവൺമെന്റ് പുറപ്പെടുവിച്ച പത്രക്കുറിപ്പിന്റെ ഒരു കോപ്പി മേശപ്പുറത്ത് വയ്ക്കുമോ;

(ബി) ഈ വാർത്ത നിഷേധിച്ചുകൊണ്ട് ഏതെങ്കിലും പത്രപ്രവർത്തകർ പബ്ലിക് റിലേഷൻസ് ഡയറക്ടറോട് പരാതിപ്പെടുകയുണ്ടായോ;

(സി) പത്രക്കുറിപ്പ് അവാസ്തവമാണെങ്കിൽ കാരണക്കാരായ ഉദ്യോഗസ്ഥൻമാരെ കണ്ടെത്തി യുക്തമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രസ് റൂമിൽ വച്ച് രണ്ടു പത്രലേഖകർ തമ്മിൽ കയ്യേറ്റം നടന്നതു പരാമർശിക്കുന്നതിനായി മാത്രം ഗവൺമെന്റ് പത്രക്കുറിപ്പ് പുറപ്പെടുവിച്ചിട്ടില്ല. പത്രപ്രവർത്തകരുടെ അവകാശങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly